




## (9) മഹല്ലിയും കൂട്ടുപ്രാർത്ഥനയും

**ഫ**ർദ്വ് നമസ്കാരത്തിനു ശേഷം, ഇമാം പ്രാർത്ഥനക്ക് നേതൃത്വം കൊടുക്കുകയും മഅ്മൂമുകൾ ആ പ്രാർത്ഥനക്ക് ആമീൻ പറയുകയും ചെയ്യുന്ന കൂട്ടുപ്രർത്ഥനാ സമ്പ്രദായത്തിന് പ്രമാണങ്ങളിലെവിടെയും തെളിവ് കണ്ടെത്താൻ സാധിക്കുകയില്ല. ശാഫിഈ മദ്ഹബിലെ ഗ്രന്ഥങ്ങളും ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കിതാബുകളിലെല്ലാം, എല്ലാവരും സ്വന്തമായി നടത്തുന്ന പ്രാർത്ഥനകളെകുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചുമാണ് ചർച്ച ചെയ്യുന്നത്. കൂട്ടുപ്രാർത്ഥനയെക്കുറിച്ച് ഒരു സൂചന പോലും നൽകുന്നില്ല. മഹല്ലിയിൽ തന്നെ പറയുന്നത് കാണുക:

(മഹല്ലി പരിഭാഷ: 1/406)



–406–

നിസ്ക്കാരത്തിന്ന ശേഷമുള്ള ദിക്റുകൾ ചൊല്ലലും സുന്നത്താകുന്നു. നബിതിരുമേനി (സ) നിസ്കാരത്തിൽ നിന്ന സലാം വീട്ടിയാൽ 'ലാഇലാഹ, ഇല്ലല്ലാഹു, വഹ്ദഹു' എന്നു തുടങ്ങുന്ന [നമ്പർ — 17 നോക്കുക] ദിക്ർ ചൊല്ലാറുണ്ടെന്നു, ബുഖാരി (റ) യും, മുസ്ലിമും(റ) റിപ്പോർട്ടുചെയ്യുന്നു.

സാരം:– അല്ലാഹു അല്ലാതെ ആരാധ്യനേയില്ല. അവൻ ഏകനും, പങ്കുകാരില്ലാത്തവനും ആകുന്നു. ആധിപത്യവും, സ്തുതിയും അവന്നുമാത്രം. സർവ്വശക്തനാണവൻ. തമ്പുരാനേ, നീ തരുന്നതിനെ തടയുന്നവരില്ല. നീ തടഞ്ഞത്ു തരുന്നവരുമില്ല. ധനികന്നു നിന്റെ സന്നിധിയിൽ ധനം കൊണ്ടു യാതൊരു പ്രയോജനവുമില്ല.''

നബിതിരുമേനി (സ) അരുളുന്നു:– വല്ലവനും ഓരോ നിസ്ക്കാരത്തിന്ന ശേഷവും 33 തവണ വീതം, സുബ്ഹാനല്ലാഹി, എന്നും, അൽഹംദുലില്ലാഹി,യെന്നും അല്ലാഹു അക്ബർ, എന്നും ചൊല്ലുകയും, ഒടുവിൽ നൂറു പൂർത്തിയാക്കാൻ, ലാഇലാഹ ഇല്ലല്ലാഹു, വഹ്ദഹു, എന്നു തുടങ്ങുന്ന [നമ്പർ – 18] ദിക്ർ ചൊല്ലുകയും ചെയ്താൽ, അയാളുടെ പാപങ്ങൾ പൊറുക്കപ്പെടും.– അവ കടലിലെ നുരപോലെയുണ്ടെങ്കിലും ശരി. (മുസ്ലിം)

ഇവിടെ ഓരോരുത്തരും സ്വന്തമായി പ്രാർത്ഥിക്കേണ്ട പ്രാർത്ഥനകൾ വിവരിക്കുകയല്ലാതെ സുന്നി പള്ളികളിൽ ഇന്ന് കാണുന്ന രൂപത്തിലുള്ള കൂട്ടുപ്രാർത്ഥനയെക്കുറിച്ച് പരാമർശിക്കുന്നേയില്ല. കാരണം ഇത്തരമൊരു സമ്പ്രദായം മതത്തിലില്ല എന്നാണ് അവർ മനസ്സിലാക്കിയതെന്ന് ഇതിൽ നിന്ന് ഗ്രഹിക്കാം.

## (10) മയ്യിത്ത് കൊണ്ടുപോകുമ്പോൾ ദിക്റ് ചൊല്ലൽ

മയ്യിത്ത് വഹിച്ചുകൊണ്ടുപോകുമ്പോൾ ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന ദിക്റ് ചൊല്ലൽ നമ്മുടെ നാടുകളിലെല്ലാം പതിവുള്ളതാണല്ലോ. എന്നാൽ ആ സമയത്ത് മൗനം പാലിക്കുകയാണ് വേണ്ടതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ‘മഹല്ലി’ തന്നെ പറയുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/488).




— 488 —

മയ്യിത്തുമായി പോകുമ്പോൾ ഉറക്കെ ശബ്ദമുണ്ടാക്കൽ കറാഹത്താണ്. മയ്യിത്തിന്റെ കൂടെ നടക്കുമ്പോൾ, എന്നാണ് റൗളയിലെ വാചകം. ഭൗതീക കാര്യങ്ങൾ സംസാരിക്കലും കറാഹത്താണ്. മരണത്തെപ്പററിയും, മരണാനന്തര ജീവിതത്തെകുറിച്ചും, ദുനിയാവിന്റെ നശ്വരതയെപ്പററിയും, തത്തുല്യമായതും ചിന്തിച്ചുകൊണ്ടു നടക്കൽ സുന്നത്താണ്. ശറഹുൽമുഹദ്ദബിൽ ഖൈസുബിൻ ഉബാദ് (റ) യിൽ നിന്നു റിപ്പോർട്ടുചെയ്യുന്നു–മയ്യിത്തിന്റെസാന്നിദ്ധ്യത്തിൽ ശബ്ദം ഉയർത്തുന്നതു സഹാബികളെല്ലാം വെറുത്തിരുന്നു.”ഹസൻ [റ]വിൽ നിന്നു റിപ്പോർട്ടു ചെയ്യപ്പെടുന്നു; മയ്യിത്തിന്റെ സാന്നിദ്ധ്യത്തിൽ ശബ്ദം താഴ്ത്തുന്നതായിരുന്നു സഹാബികൾക്കിഷ്ടം.’

ഇവിടെ മയ്യിത്ത് കൊണ്ടുപോകുമ്പോൾ ശബ്ദമുയർത്തൽ കറാഹത്താണെന്നും മരണത്തെ കുറിച്ചും മരണാനന്തര ജീവിതത്തെകുറിച്ചും ചിന്തിക്കുകയാണ് ആ സമയത്ത് ചെയ്യേണ്ടതെന്നും ശബ്ദമുയർത്തുന്നത് സ്വഹാബികൾ വെറുത്തിരുന്നുവെന്നും മേൽ ഉദ്ധരണിയിലൂടെ വ്യക്തമായല്ലോ!

## (11) മയ്യിത്തിൻറടുക്കൽ ഖുർആൻ പാരായണം

മരണം നടന്ന വീടുകളിൽ, മയ്യിത്തിന്റെ സമീപത്തിരുന്ന് ഖുർആൻ പാരാണയം നടത്തൽ പുണ്യമാണെന്ന ധാരണയിൽ അത് ചെയ്യുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരുമാണ് ഇന്ന് ഭൂരിപക്ഷവും. ഈ സമ്പ്രദായത്തെ ന്യായീകരിക്കാൻവേണ്ടി മുസ്‌ല്യാക്കൻമാർ ഉദ്ധരിക്കാറുള്ളത്, ‘ഇഖ്റഊ സൂറത്തയാസീൻ ഇൻദമൗത്താക്കും’ എന്ന ദുർബലമായ ഹദീസാണ്. ഇത് സ്വഹീഹാണെന്ന് സങ്കൽപിച്ചാൽ പോലും ഇതിനർത്ഥം ‘മരാസന്നമായവന്റെ അടുക്കൽ യാസീൻ സൂറത്ത് പാരായണം ചെയ്യുക’ എന്നാണ്. അതല്ലാതെ ‘മരണപ്പെട്ട വ്യക്തിയുടെ അടുത്ത്’ എന്ന് അതിനർത്ഥമില്ല. ഇക്കാര്യം മഹല്ലിതന്നെ വിശദീകരിക്കുന്നത് കാണുക.

(മഹല്ലി പരിഭാഷ: 2/404).




— 404 —

ആസന്നമരണന്റെ സന്നിധിയിൽവെച്ച് ‘യാസീൻ’ ഓതണം. നബിതിരുമേനി (സ) അരുളുന്നു. ആസന്ന മരണന്റെ മുമ്പിൽവെച്ച് നിങ്ങൾ യാസീൻ ഓതുവിൻ.

അബൂദാവൂദ്. (റ) ഇബ്നുമാജ [റ]യും റിപ്പോർട്ടു ചെയ്ത ഈ ഹദീസ് സഹീഹാണെന്നു ഇബ്നുഹിബ്ബാൻ (റ) പ്രസ്താവിച്ചിട്ടുണ്ട്. ‘മൗത്താകും’ എന്നശബ്ദത്തിന്റെ ആശയം മരിച്ചവർ എന്നല്ല, മരണാസന്നർ എന്നാണെന്ന് ഇബ്നുഹിബ്ബാൻ (റ) വ്യക്തമാക്കിയിട്ടുണ്ട്. മരിച്ചവരുടെ മുമ്പിൽവെച്ചല്ല അതു ഓതേണ്ടതു്. *

നോക്കൂ, എത്ര വ്യക്തമായിട്ടാണ് ഇമാം ജലാലുദ്ദീൻ മഹല്ലി ഇവിടെ ഇക്കാര്യം സമർത്ഥിക്കുന്നത്!. ‘മൗതാക്കും’ എന്ന പദത്തിൻെറ അർത്ഥം മരിച്ചവർ എന്നല്ല, മരണാസന്നമായവർ എന്നാണെന്നും മരിച്ചവരുടെ മുമ്പിൽവെച്ചല്ല ഖുർആൻ ഓതേണ്ടതെന്നും പ്രത്യേകം പറയുന്നു. മുസ്ല്യാക്കൻമാരുടെ കടുത്ത ഒരു ദുർവ്യാഖ്യാനത്തെയാണ് അദ്ദേഹം ഈ പ്രസ്താവനയിലൂടെ വേരോടെ പിഴുതെറിഞ്ഞിരിക്കുന്നത്! ഭാഷാപരമായ ഈ ദുർവ്യാഖ്യാനത്തെ മറ്റൊരു സ്ഥലത്തുകൂടി ഇദ്ദേഹം കൈകാര്യം ചെയ്യുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/408)



408

ആസന്ന മരണത്തിന്ന് ‘ലാഇലാഹ ഇല്ലാഹ്’’ എന്ന ‘കലിമ’ ചൊല്ലിക്കൊടുക്കുകയും വേണം. നബിതിരുമേനി (സ) അരുളുന്നു—‘നിങ്ങളിൽ മരണം ആസന്നമായവർക്ക് ‘ലാഇലാഹ ഇല്ലല്ലാഹ്’’ എന്ന് ചൊല്ലിക്കൊടുക്കുവിൻ’’ (മുസ്ലിം)

ഇമാം നവവി (റ) പറയുന്നു: ഈ ഹദീസിൽ പ്രയോഗിച്ച ‘മരിച്ചവർക്ക്’’ (മൗത്താക്കും) എന്ന ശബ്ദത്തിന്ന് മരണം ആസന്നമായവർക്ക്’’ എന്നാണർത്ഥം. ഒരു വസ്തുവിന്ന്, അതിൻെറ പരിണാമം നോക്കി സംജ്ഞനൽകാമെന്ന പ്രമാണമനുസരിച്ചാണിത്.’’

‘മൗത്താക്കും’ എന്നതിന് മുസ്ല്യാക്കൻമാർ നൽകുന്ന അർത്ഥം തനിച്ച തെറ്റും ദുർവ്യാഖ്യാനവുമാണെന്ന് ഇപ്പോൾ കൂടുതൽ വ്യക്തമായല്ലോ. മാത്രമല്ല മരണപ്പെട്ട വ്യക്തിയുടെ അടുക്കൽവെച്ച് ഖുർആൻ പാരായണം ചെയ്യാൻ പാടില്ലെന്നും വ്യക്തമായി.

## (12) തറാവീഹ് പതിനൊന്നോ ഇരുപത്തിമൂന്നോ?

നബി(സ) തറാവീഹ് നമസ്കരിച്ചത് ഇരുപത്തിമൂന്ന് റക്അത്ത് ആണെന്ന് ഒരു ദുർബല ഹദീസിൻെറ അടിസ്ഥാനത്തിൽ മുസ്ല്യാക്കൻമാർ വാദിക്കാറുണ്ട്. എന്നാൽ നബി(സ) വിത്റ് അടക്കം പതിനൊന്ന് റക്അത്ത് മാത്രമാണ് എക്കാലത്തും നമസ്കരിച്ചിരുന്നതെന്ന് ഹദീസ് ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. ഇരുപത് നമസ്കരിച്ചു എന്ന് പറയുന്ന റിപ്പോർട്ട് ദുർബലമാണെന്നും മുഹദ്ദിസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം മഹല്ലിതന്നെ പറയുന്നത് കാണുക:



(മഹല്ലി പരിഭാഷ: 2/124)

124 —

ഇബ്നുഖുസൈമ (റ) യും ഇബ്നുഹിബ്ബാനും (റ) ജാബിർ (റ)ൽ നിന്നു റിപ്പോർട്ടുചെയ്യുന്നു: ജാബിർ (റ) പറഞ്ഞു: ഞങ്ങളുടെ കൂടെ നബി (സ) റമളാനിൽ എട്ടുറക്അത്തു നിസ്കരിച്ചു. പിന്നെ വിത്റും നിസ്കരിച്ചു. പിറ്റേദിവസമായപ്പോഴേക്ക് ഞങ്ങളും പള്ളിയിൽ സമ്മേളിച്ചു. നബി (സ) ഞങ്ങളിലേക്ക് ഇറങ്ങിവരുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചു. ഒടുവിൽ പ്രഭാതമായി...

ജാബിർ(റ) മൂന്നാമത്തെയും നാലാമത്തെയും രാത്രികളിൽ മാത്രമേ അവിടെ ഹാജരുണ്ടായിരുന്നുള്ളുവെന്നുതോന്നുന്നു. ഇമാം റാഫി (റ) പറഞ്ഞതുപോലെ - നബി (സ) അവരോടൊപ്പം ഇരുപതുറക്അത്തു നിസ്കരിച്ചുവെന്ന റിപ്പോർട്ടിനെ ബൈഹഖി (റ) ദുർബ്ബലമെന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഉമർ (റ)ന്റെ കാലംവരെ അതു

നോക്കൂ! നബി(സ) എട്ട് റക്അത്ത് തറാവീഹും മൂന്ന് വിത്റുമായി പതിനൊന്ന് മാത്രമാണ് റമദാനിൽ നമസ്കരിച്ചിരുന്നതെന്നും ഇരുപത് റക്അത്ത് നമസ്കരിച്ചിരുന്നു എന്ന റിപ്പോർട്ട് ദുർബലമാണെന്നും ഇവിടെ മഹല്ലി വ്യക്തമാക്കുന്നു.

## (13) നമസ്കാരത്തിൽ നബി(സ) കൈ കെട്ടിയതെവിടെ ?

നമസ്കരിക്കുമ്പോൾ പലരും പല സ്ഥലങ്ങളിലും കൈ കെട്ടാറുണ്ട്. എന്നാൽ നബി(സ) കൈ കെട്ടിയത് നെഞ്ചിന്മേൽ മാത്രമാണെന്ന് ഹദീസുകൾ പഠിപ്പിക്കുന്നു. മഹല്ലി തന്നെ അത്തരത്തിലുള്ള ഒരു റിപ്പോർട്ട് ഉദ്ധരിക്കുന്നത് കാണുക:



(മഹല്ലി പരിഭാഷ, 1/403)

-403-

നിറുത്തത്തിൽ രണ്ടു കൈകളും നെഞ്ചിന്നു താഴെയും പൊക്കിളിന്നു മീതെയുമായി വെച്ച് വലതു കൈകൊണ്ട് ഇടത്തു കൈ പിടിക്കലും സുന്നത്താണ്. അപ്പോൾ വലത്തു കൈയിന്റെ വിരലുകൾ ഇടതിന്റെ കെണപ്പിൽ [മണിബന്ധത്തിൽ] വിരുത്തിപ്പിടിക്കുകയോ, കണങ്കൈയുടെ നേർക്കു നേരെ പരത്തി വെക്കുകയോ ചെയ്യാം. വാഇൽ-ബിൻ-ഹജറിൽ (റ) നിന്ന് മുസ്ലിം (റ) റിപ്പോർട്ടു ചെയ്യുന്നു: "നബിതിരുമേനി (സ) നിസ്കാരത്തിൽ പ്രവേശിക്കുമ്പോൾ തന്റെ തൃക്കൈ, രണ്ടും ഉയർത്തി. എന്നിട്ട് വലത്തുകൈ, ഇടതിന്മേൽ വെച്ചു." ഇബ്നുഖുസൈമ (റ) യുടെ റിപ്പോർട്ടിൽ ഇത്രയും കൂടിയുണ്ട്. നെഞ്ചിന്മേൽ— അതായത് നെഞ്ചിന്റെ ഏററവും താഴെ അററത്ത് വെക്കും. അപ്പോൾ ഇടത്തു കൈയിന്റെ അററം വലത്തു കൈയിന്റെ താഴെയായിരിക്കും. അബൂദാവൂദിന്റെ (റ) റിപ്പോർട്ടിൽ— വലത്തു കൈ, ഇടത്തു കൈപ്പത്തിയുടെ പൊറാടിമേലും, മണിബന്ധത്തിന്മേലും, കണംകൈയിന്മേലുമായിരിക്കും എന്നാണുള്ളത്.

അപ്പോൾ നബി(സ) കൈകെട്ടിയത് ഇന്ന് പലരും കെട്ടുന്നത്പോലെ വയറ്റത്തോ, പൊക്കിളിനു താഴെയോ അല്ലെന്നും മറിച്ച് നെഞ്ചിന്മേലായിരുന്നുവെന്ന് മേൽ റിപ്പോർട്ടിലൂടെ വ്യക്തമായല്ലോ. അത്കൊണ്ട് നമ്മളും ആ മാതൃക പിന്തുടരുക.

തുടരും.